10800
16/10/14

## കേരള സർക്കാർ

### സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം - ശ്രീ.പി.ജി.സജികുമാർ, പ്രൊബേഷൻ ഓഫീസർ ഗ്രേഡ് II-നെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്ത സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ നടപടിക്ക് സാധൂകരണം നൽകിക്കൊണ്ടും ചാർജ്ജ് മെമ്മോ പിൻവലിച്ചു കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (എ) വകുപ്പ്

സ.ഉ. (സാധാ) നം. 586/2014/സാ.നീ.വ. തീയതി, തിരുവനന്തപുരം: 22.09.2014.

---

പരാമർശം:-
1. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 06.02.2012-ലെ ഇ5-4082/12 നമ്പർ നടപടിക്രമം.
2. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 30.05.2012-ലെ ഇ5-4082/12 നമ്പർ നടപടിക്രമം.
3. സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ ശ്രീ.സജികുമാറിന് 13.08.2012-ൽ നൽകിയ കുറ്റാരോപണ പത്രിക.
4. 09.12.2013-ലെ സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ ഇ5-16253/13 നമ്പർ കത്ത്.

### ഉത്തരവ്

തിരുവനന്തപുരം ജില്ലാ പ്രൊബേഷൻ ഓഫീസിൽ സിറ്റി പ്രൊബേഷൻ ഓഫീസറായി ജോലി നോക്കിയിരുന്ന ശ്രീ.പി.ജി.സജികുമാർ അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്നതിനാൽ പരാമർശം (1)-ലെ നടപടിക്രമം പ്രകാരം സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ ടിയാനെ സർവ്വീസിൽ നിന്ന് സസ്പെൻഡ് ചെയ്യുകയും പരാമർശം (2) പ്രകാരം സർവ്വീസിൽ പുനഃപ്രവേശിപ്പിക്കുകയും ചെയ്യുകയും തുടർന്ന് പരാമർശം (3) പ്രകാരം ടിയാന് ചാർജ്ജ് മെമ്മോ നൽകുകയുമുണ്ടായി. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ പ്രസ്തുത നടപടിക്ക് സാധൂകരണം നൽകണമെന്ന് പരാമർശം (4) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും സാമൂഹ്യനീതി വകുപ്പിലെ പ്രൊബേഷൻ ഓഫീസർ ഗ്രേഡ് II തസ്തികയിലെ ജീവനക്കാരുടെ നിയമനാധികാരി സർക്കാർ ആയതിനാൽ കെ.സി.എസ് (സി.സി.&എ) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ശ്രീ.പി.ജി.സജികുമാറിനെ സർവ്വീസിൽ നിന്ന് സസ്പെൻഡ് ചെയ്യുകയും തിരിച്ചെടുക്കുകയും ചെയ്ത സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ പരാമർശം (1), (2) പ്രകാരമുള്ള നടപടികൾക്ക് സാധൂകരണം നൽകിക്കൊണ്ടും പരാമർശം (3) പ്രകാരം സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ ടിയാന് നൽകിയ ചാർജ്ജ് മെമ്മോ എം.ഒ.പി-യിലെ

ഖണ്ഡിക 7 പ്രകാരം നിശ്ചിത മാതൃകയിലല്ലാത്തതിനാൽ ആയത് പിൻവലിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. ശ്രീ.പി.ജി.സജികുമാറിനെതിരെയുള്ള അച്ചടക്ക നടപടി തുടരുന്നതും, പുതുക്കിയ ചാർജ് മെമ്മോ താമസംവിനാ നൽകുന്നതുമാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**എൻ.ബി.കോമളവല്ലി അമ്മ**
അഡീഷണൽ സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
ശ്രീ.പി.ജി.സജികുമാർ (സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിന്)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ